**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3090** **25-10-2021 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർണ്ണമായും ഗതാഗതത്തിന് ഉതകുന്ന തരത്തിൽ പ്രസ്തുത ഹൈവേ എപ്പോൾ സജ്ജമാകുമെന്നുമുള്ള വിവരം ജില്ലതിരിച്ച് വ്യക്തമാക്കാമോ? | (എ) | മലയോര ഹൈവേ നിർമ്മാണത്തിന് 10/07/2017 തീയതിയിലെ സ.ഉ(സാധാ) നം. 942/2017/ പൊ.മ.വ . പ്രകാരം 3500 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിന്റെ 13 ജില്ലകളിലൂടെ ഫ്രീസറണ്ടർ മുഖേന സ്ഥലം ഏറ്റെടുത്ത് 12 മീറ്റർ വീതിയിൽ ആണ് മലയോര ഹൈവേ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നത്. 11 ജില്ലകളിലെ 21 റീച്ചുകളിലായി വരുന്ന 704.53 കി.മീ. ന്റെ ഡി.പി.ആർ കെ.ആർ.എഫ്.ബി. - പി.എം.യു മുഖാന്തിരം കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 549.44 കി.മീ. വരുന്ന റീച്ചുകൾക്ക് സാമ്പത്തികാംഗീകാരം ലഭിച്ചു. 296.9 കി.മീ. റീച്ചുകൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ സാധിച്ചു. ഇതിൽ 93.68 കി.മീ. വരുന്ന റീച്ചുകളുടെ പണി പൂർത്തീകരിക്കാൻ സാധിച്ചു. മലയോര ഹൈവേയുടെ വനമേഖലകളിലൂടെ കടന്നുപോകുന്ന ഭാഗത്തെ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനം വകുപ്പും നാറ്റ്പാക്കും കെ.ആർ.എഫ്.ബി.യും കിഫ്ബിയും ചേർന്ന് വനംവകുപ്പിന്റെ അനുമതി ആവശ്യമായിവരുന്ന ഭാഗങ്ങളിൽ പരിശോധന നടത്തുകയും ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ചില റീച്ചുകളിൽ പുതിയ അലൈൻമെന്റ് നാറ്റ്പാക്ക് നിർദ്ദേശിച്ചിട്ടുണ്ട്. ഈ റീച്ചുകളിൽ പുതുതായി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റു റീച്ചുകളിൽ വനംവകുപ്പ് നിർദ്ദേശിച്ച വിവരങ്ങൾ PARIVESH പോർട്ടലിൽ ലഭ്യമാക്കി അനുമതി ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. വനംവകുപ്പിന്റെ അനുമതി ലഭിക്കേണ്ടതായിട്ടുള്ളതിനാലും സൗജന്യമായി ഭൂമി വിട്ടുകിട്ടേണ്ടതുള്ളതിനാലും മലയോര ഹൈവേ പദ്ധതി പൂർത്തീകരണം |

| | | | |
|---|---|---|---|
| | | | വൈകാൻ കാരണമായി. ഈ പ്രതിസന്ധികൾ പരിഹരിച്ച് പദ്ധതി കൂടുതൽ കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനായി നിരന്തരമായ അവലോകന യോഗങ്ങളും സർക്കാർ ഇടപെടലുകളും നടത്തുന്നുണ്ട്. ജില്ല തിരിച്ചുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ജില്ല | ഡി.പി.ആർ തയ്യാറായ കി.മീ. | നിർമ്മാണം ആരംഭിച്ച കി.മീ. | നിർമ്മാണം പൂർത്തീകരിച്ച കി.മീ. |
|---|---|---|---|---|
| 1 | കാസർഗോഡ് | 126 | 76.27 | 23 |
| 2 | കണ്ണൂർ | 25.3 | - | - |
| 3 | വയനാട് | 75 | 29 | - |
| 4 | കോഴിക്കോട് | 88.15 | 35.35 | - |
| 5 | മലപ്പുറം | 73.7 | 33.79 | - |
| 6 | പാലക്കാട് | 56.4 | - | - |
| 7 | തൃശ്ശൂർ | 24.3 | - | - |
| 8 | എറണാകുളം | 49.8 | - | - |
| 9 | ഇടുക്കി | 72.49 | 19 | - |
| 10 | കൊല്ലം | 48.2 | 46.1 | 46.1 |
| 11 | തിരുവനന്തപുരം | 65.23 | 57.38 | 24.58 |
|  | ആകെ | 704.57 | 296.88 | 93.68 |

* പാലക്കാട് ജില്ലയിൽ 12 മീറ്റർ വീതി ലഭ്യമാവാത്തതിനാൽ ഡി.പി. ആർ പ്രവൃത്തികൾ തുടരാൻ സാധിക്കുന്നില്ല.

സെക്ഷൻ ഓഫീസർ